"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജയിലുകൾ - ശ്രീമതി ശാരദ മാണിയത്ത് ഫയൽ ചെയ്ത W.P.(Crl.) No. 1296/2025 കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 29.09.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.177/2026/HOME തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 13.12.2022 തീയതിയിലെ സി.പി.കെ./ആർ.173/18 നമ്പർ നടപടിക്രമം.
2. ജയിൽ വകുപ്പ് മേധാവിയുടെ 19.12.2022 തീയതിയിലെ WP2-31772/2022/PrHQ നമ്പർ നടപടിക്രമം.
3. സ.ഉ.(സാധാ) നം.3673/2022/ആഭ്യന്തരം,തീയതി 26.12.2022.
4. ശ്രീമതി ശാരദ മാണിയത്ത് സമർപ്പിച്ച, 15.10.2024 തീയതിയിലെ അപേക്ഷ.
5. ധനേഷ് S/o ദാമു കണ്ണൂർ സെൻട്രൽ പ്രിസൺ സൂപ്രണ്ടിന് സമർപ്പിച്ച 14.02.2025 തീയതിയിലെ അപേക്ഷ.
6. W.P.(Crl.) No. 1296/2025 കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 29.09.2025 തീയതിയിലെ വിധിന്യായം.
7. ജയിൽ വകുപ്പ് മേധാവിയുടെ 28.10.2025, 11.11.2025 തീയതികളിലെ WP2-16970/2024/PrHQ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായ C No.509/18 ധനേഷ് S/o ദാമുവിന്റെ അവധി ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു നൽകുന്നതിനായി മാതാവായ ശ്രീമതി ശാരദ മാണിയത്ത് പരാമർശം (4) പ്രകാരം അപേക്ഷിക്കുകയുണ്ടായി. ഇതേ ആവശ്യം ഉന്നയിച്ച് C No.509/18 ധനേഷും പരാമർശം (5) പ്രകാരം ജയിൽ സൂപ്രണ്ടിന് അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് ശ്രീമതി ശാരദ മാണിയത്ത് ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത W.P.(Crl.) No. 1296/2025 കേസിൽ ഈ അപേക്ഷ Ext.P2 ആയി രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത കേസ്, ബഹു. ഹൈക്കോടതി പരാമർശം (6) വിധിന്യായപ്രകാരം ചുവടെ പറയുന്ന നിർദ്ദേശങ്ങളോടെ തീർപ്പാക്കിയിട്ടുണ്ട്:

"1. The 1st respondent is directed to consider Ext.P2 and pass appropriate orders in it, as expeditiously as possible, at any rate, within one month from the date of the receipt of the copy of this judgment.

2. Petitioner will produce the certified copy of the judgment along with the Exhibits before the 1st respondent for compliance."

2. ഇതിൻ പ്രകാരം വിധിന്യായത്തിന്റെ പകർപ്പ്, Ext.P2 എന്നിവ പരാതിക്കാരി ലഭ്യമാക്കുകയുണ്ടായി.

3. ബഹു. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയുടെ എസ്.സി 428/2010 എന്ന നമ്പർ കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവിനും 50,000/- രൂപ പിഴയ്ക്കും പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം തടവിനും 143 വകുപ്പ് പ്രകാരം 6 മാസം തടവിനും, 147 വകുപ്പ് പ്രകാരം 2 വർഷം തടവിനും, 341 വകുപ്പ് പ്രകാരം 1 മാസം തടവിനും, ES Act 3 പ്രകാരം 10 വർഷം തടവിനും ശിക്ഷിച്ച് കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ പ്രവേശിപ്പിക്കപ്പെട്ട തടവുകാരനാണ് C No. 509/18 ധനേഷ് S/o ദാമു. മാതൃസഹോദരന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കുന്നതിനായി പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13.12.2022 തീയതിയിൽ പരാമർശം (1) പ്രകാരം 5 ദിവസത്തെ അടിയന്തര അവധിയിൽ വിട്ടുതൽ ചെയ്യപ്പെട്ട ഈ അന്തേവാസിക്ക് പരാമർശം (2) പ്രകാരം 10 ദിവസവും, പരാമർശം (3) പ്രകാരം 15 ദിവസവും അവധി ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ഈ കാലയളവിൽ അന്തേവാസി കണ്ണവം പോലീസ് സ്റ്റേഷൻ ക്രൈം. 403/22 u/s 341, 448, 506, 323 IPC പ്രകാരമുള്ള കുറ്റകൃത്യത്തിൽ ഏർപ്പെടുകയും അവധിക്ക് ശേഷം 13.01.2023 തീയതിയിൽ സ്വമേധയാ ജയിലിൽ തിരികെ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

3. C No.509/2018 ധനേഷിന്റെ അവധി ആനുകൂല്യം റദ്ദ് ചെയ്യുന്നതിന് ആധാരമായ കണ്ണവം പോലീസ് സ്റ്റേഷൻ ക്രൈം. 403/22 ( u/s 341, 448, 506, 323 IPC) നമ്പർ കേസിൽ ഇദ്ദേഹത്തിൻ ജാമ്യം അനുവദിച്ചിട്ടുള്ളതാണ്. കർശന ഉപാധികളോടെ മാത്രമേ അവധി അപേക്ഷ പരിഗണിക്കുവാൻ പാടുള്ളുവെന്ന് പോലീസ്/പ്രൊബേഷൻ ഓഫീസർ /ജയിൽ സൂപ്രണ്ട് എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജയിൽവകുപ്പ് മേധാവി പരാമർശം (7) പ്രകാരം അറിയിച്ചിട്ടുണ്ട്. 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിലെ വകുപ്പ് 76 പ്രകാരം, മതിയായ കാരണം കൂടാതെ ഏതെങ്കിലും തടവുകാരൻ, ഏത് ഉപാധികളിൻമേലാണോ അയാളെ പരോളിൽ അയച്ചത് അതിൽ ഏതെങ്കിലും ഉപാധി പാലിക്കാതെയിരുന്നാൽ സർക്കാരിനോ ക്ഷമതയുള്ള അധികാരസ്ഥാനത്തിനോ അതത് സംഗതി പോലെ അയാൾക്ക് പരോൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ, 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 408 പ്രകാരം അവധി വ്യവസ്ഥകൾ ലംഘിക്കാത്തിടത്തോളം അവധി കാലയളവ് ശിക്ഷയുടെ ഭാഗമായി കണക്കാക്കേണ്ടതാണെങ്കിലും വ്യവസ്ഥയോ, വ്യവസ്ഥകളോ ലംഘിച്ചാൽ അവധിയിൽ ആയിരുന്ന കാലയളവ് ജാമ്യമായി കണക്കാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. അവധി കാലയളവിൽ അവധി ചട്ട ലംഘനം നടത്തിയ അന്തേവാസിയ്ക്ക് തുടർന്നുള്ള അവധി ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടില്ലായെന്നും അതിനാൽ C No. 509/18 ധനേഷ് S/o ദാമു, എന്ന അന്തേവാസിയ്ക്ക് പരാമർശം (1),(2),(3) എന്നിവ പ്രകാരം 13.12.2022 മുതൽ 12.01.2023 വരെയുള്ള കാലയളവിൽ അനുവദിച്ച 30 ദിവസത്തെ അടിയന്തര അവധി റദ്ദ് ചെയ്ത്, ഒരു ദിവസത്തെ യാത്രാ സമയവും കൂടി ചേർത്ത് ആകെ 31 ദിവസം ജാമ്യ കാലയളവായി നിർണ്ണയിച്ച് ഉത്തരവാകേണ്ടതുണ്ടെന്നും ഇത് കണ്ണവം പോലീസ് സ്റ്റേഷനിൽ (ക്രൈം. 403/22 u/s 341,448,506, 323 IPC) രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൻമേലുള്ള ബഹു.കോടതിയുടെ തീർപ്പിന് വിധേയമായിട്ടാകണമെന്നും ജയിൽവകുപ്പ് മേധാവി

പരാമർശം (7) പ്രകാരം അഭിപ്രായപ്പെട്ടുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ C No. 509/18 ധനേഷ് S/o ദാമു എന്ന അന്തേവാസി അടിയന്തരഅവധിയിൽ ആയിരുന്ന കാലയളവിൽ പ്രതിചേർക്കപ്പെട്ട കണ്ണവം പോലീസ് സ്റ്റേഷനിൽ (ക്രൈം. 403/22 u/s 341,448,506, 323 IPC) രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ നിലവിൽ അന്തേവാസിക്ക് ജാമ്യം ലഭിച്ചിട്ടുള്ളതാണ്. അടിയന്തര അവധി കഴിഞ്ഞ് യഥാസമയം തന്നെ അന്തേവാസി ജയിലിൽ തിരികെ പ്രവേശിച്ചിട്ടുമുണ്ട്. ഈ വസ്തുതകൾ കൂടി പരിഗണിച്ച്, ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(Crl.) No. 1296/2025 കേസിലെ പരാതിക്കാരിയും അന്തേവാസിയുടെ മാതാവുമായ ശ്രീമതി ശാരദ മാണിയത്തിന്റെ അപേക്ഷയിൻമേൽ മാനുഷിക പരിഗണന നൽകി, കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ C No. 509/18 ധനേഷ് S/o ദാമു എന്ന അന്തേവാസിക്ക് പരാമർശം (1),(2),(3) എന്നിവ പ്രകാരം 13.12.2022 തീയതി മുതൽ 12.01.2023 വരെ കാലയളവിൽ അനുവദിച്ച 30 ദിവസത്തെ അടിയന്തര അവധി റദ്ദ് ചെയ്തും, ഈ കാലയളവും ഒരു ദിവസത്തെ യാത്രാ സമയവും കൂടി ചേർത്ത് ആകെ 31 ദിവസം 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 408 പ്രകാരം ജാമ്യ കാലയളവായി ക്രമീകരിച്ച് നൽകിയും ഉത്തരവാകുന്നു. C No. 509/18 ധനേഷ് S/o ദാമുവിന്റെ അവധി ആനുകൂല്യങ്ങൾ, കണ്ണവം പോലീസ് സ്റ്റേഷനിൽ (ക്രൈം. 403/22 u/s 341,448,506, 323 IPC) രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൻമേലുള്ള ബഹു.കോടതിയുടെ തീർപ്പിന് വിധേയമായി പുനഃസ്ഥാപിച്ച് നൽകുന്നതിന് ജയിൽവകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുന്നു. അന്തേവാസിയെ ഇപ്രകാരം അവധിയിൽ വിടുതൽ ചെയ്യുമ്പോൾ പോലീസ്, പ്രൊബേഷൻ റിപ്പോർട്ടുകൾ കണക്കിലെടുത്ത്, കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതാണ്.

5. പരാമർശം (6) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU T S
**ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് മുഖേന)
ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം.
ശ്രീമതി ശാരദ മാണിയത്ത്, ധനിഷാലയം, ഇരട്ടക്കുളങ്ങര, ചിറ്റാരിപ്പറമ്പ്, കണ്ണൂർ – 670 650.
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 15-01-2026 22:57:01